**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 590** **09-08-2023 - ൽ മറുപടിയ്ക്ക്**

**എസ്.എൽ.ഐ., ജി.ഐ.എസ്.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എസ്.എൽ.ഐ., ജി.ഐ.എസ്. തുടങ്ങിയവയുടെ പാസ്ബുക്കുകൾ ജീവനക്കാരുടെ കൈയ്യിൽ നിന്ന് നഷ്ടപ്പെട്ടുകയും, പഴയ രേഖകൾ പല സർക്കാർ ഓഫീസുകളിൽ നിന്നും ലഭ്യമാകാതെ വരുകയും ചെയ്യുന്നതുമൂലം റിട്ടയർ ചെയ്ത പല ജീവനക്കാർക്കും ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ അടച്ച തുക തിരികെ ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരക്കാർക്ക് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിലുള്ള രേഖകളുടെ അടിസ്ഥാനത്തിൽ പണം മടക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ എസ്.എൽ.ഐ, ജി.ഐ.എസ്. പദ്ധതികളുടെ വ്യക്തിഗത പ്രീമിയം/വരിസംഖ്യ വിവരങ്ങൾ ഇൻഷ്വറൻസ് വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിക്കാത്തതിനാൽ ഡി.ഡി.ഒ മാർ സാക്ഷ്യപ്പെടുത്തി നൽകുന്ന രേഖകളുടെ അടിസ്ഥാനത്തിലാണ് ക്ലെയിമുകൾ തീർപ്പാക്കി വരുന്നത്. ഇത്തരം രേഖകൾ ഡി.ഡി.ഒ മാരിൽ നിന്നും ശേഖരിച്ച് വകുപ്പിന്റെ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ